# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3998 — 25.06.2018-ൽ മറുപടിക്ക്

### ആദിവാസി ഊരുകളിൽ റേഷൻ സാധനങ്ങൾ എത്തിക്കുന്നതിന് പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.എൻ.എ ഖാദർ :** | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്തെ മുഴുവൻ ആദിവാസി ഊരുകളിലും റേഷൻ സാധനങ്ങൾ വീട്ടിലെത്തിക്കാൻ ഭക്ഷ്യ-പൊതുവിതരണ വകുപ്പുമായി ചേർന്ന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) | സംസ്ഥാനത്ത് റേഷൻ സാധനങ്ങൾ ലഭിക്കാൻ ബുദ്ധിമുട്ടുള്ള പട്ടികവർഗ്ഗ ഊരുകളിൽ റേഷൻ സാധനങ്ങൾ നേരിട്ട് ഊരുകളിൽ എത്തിക്കുന്നതുമായി ബന്ധപ്പെട്ട് 19.06.2016-ാം തീയതി ഭക്ഷ്യ – പൊതുവിതരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഗതാഗത സൗകര്യം തീരെ ലഭ്യമല്ലാത്ത സങ്കേതങ്ങളിൽ റേഷൻ സാധനങ്ങൾ എത്തിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ്, ഭക്ഷ്യ പൊതുവിതരണ വകുപ്പ്, വനം വകുപ്പ് എന്നീ വകുപ്പുകളുമായി സഹകരിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഓരോ ജില്ലയിലെയും സാഹചര്യങ്ങൾക്കനുസരിച്ച് പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| ബി) | ഈ പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ എവിടെയെങ്കിലും നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ; | ബി) | തൃശ്ശൂർ ജില്ലയിൽ പാണഞ്ചേരി ഗ്രാമ പഞ്ചായത്തിലെ ഒളകര, മണിയൻ കിണർ, താമര വെള്ളച്ചാൽ എന്നീ കോളനികളിലും, ആതിരപ്പള്ളി ഗ്രാമപഞ്ചായത്തിലെ വാഴച്ചാൽ, ചൊകലപ്പാറ, പെരിങ്ങൽക്കുത്ത്, ആനക്കയം, ഷോളയാർ, വാച്ചുമരം, തവളക്കുടി എന്നീ കോളനികളിൽ മൊബൈൽ റേഷൻകട എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ എറണാകുളം ജില്ലയിലെ പൊങ്ങിൻചുവട് കോളനിയിൽ പട്ടികവർഗ്ഗ സൊസൈറ്റി നടത്തുന്ന റേഷൻകടയിലേയ്ക്ക് സാധനങ്ങൾ എത്തിക്കുന്ന വാഹന കൂലിയും ഇടുക്കി ജില്ലയിലെ ഇടമലക്കുടി പട്ടികവർഗ്ഗ കോളനിയിൽ റേഷൻ സാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ചുമട്ട് കൂലി ഇനത്തിലുള്ള തുകയും ഭക്ഷ്യസഹായ പദ്ധതിയിൽ നിന്ന് അനുവദിച്ച് വരുന്നു. |

| | | | |
|---|---|---|---|
| സി) | ആദിവാസി വിഭാഗങ്ങളുടെ തനത് ഭക്ഷ്യ ധാന്യങ്ങൾ ശേഖരിച്ച് മറ്റ് ആദിവാസി കൾക്ക് എത്തിക്കുന്ന എന്തെങ്കിലും പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ? | സി) | പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ ഫുഡ് സപ്പോർട്ട് പദ്ധതി പ്രകാരം നൽകുന്ന ഭക്ഷ്യധാന്യത്തിന് പുറമേ റാഗി, ചാമ എന്നിവ കൂടി ഉൾപ്പെടുത്തി വിതരണം ചെയ്യുന്നതിന് ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**